## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2170 22-01-2014 ന് മറുപടിയ്ക്ക്

## പിള്ളത്തോട് ചെക്ക് ഡാം

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ. സി രവീന്ദ്രനാഥ്** | **ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി)** |
| (എ) പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി പഞ്ചായത്തിൽ പിള്ളത്തോട് ചെക്ക് ഡാം പണിയുന്നതിന് അനുമതിക്ക് വേണ്ടി നിവേദനം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) ചാലക്കുടി വനം ഡിവിഷനു കീഴിലുള്ള പാലപ്പിള്ളി റെയിഞ്ചിൽ വരുന്നതും പാട്ടവ്യവസ്ഥയിൽ കൊച്ചിൻ മലബാർ കമ്പനിയുടെ കൈവശത്തിലുള്ളതുമായ 0.2 ഹെക്ടർ സ്ഥലത്ത് ചെക്ക് ഡാം പണിയുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് കൊടകര ബ്ലോക്ക് പഞ്ചായത്ത് ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) ഫോറസ്റ്റ് കൺസർവേഷൻ ആക്ട് അനുസരിച്ച് ടി സ്ഥലം പരിശോധിച്ച് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് സമർപ്പിച്ച പ്രകാരം ഫോറസ്റ്റ് കൺസർവേറ്റർ നേരിട്ട് സ്ഥലം പരിശോധിച്ചിട്ടുള്ളതാണ്. ടി സ്ഥലം നിലവിൽ പാട്ട വ്യവസ്ഥയിൽ കൊച്ചിൻ മലബാർ കമ്പനിയുടെ കൈവശത്തിലായതിനാൽ ടി കമ്പനിയിൽ നിന്നും എൻ.ഒ.സി ലഭിക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി പ്രസ്തുത ഡാം അടിയന്തരമായി പണിയുന്നതിന് അനുമതി നൽകാമോ? | (സി) എൻ.ഒ.സി ലഭിക്കുന്ന മുറയ്ക്ക് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് അനുസരിച്ച് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ